LBRD-C4/226/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം -പാലക്കാട് ആർ.ഐ സെൻ്ററിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റായ ശ്രീമതി ഹെലൻ.കെ-യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.612/2026/LBR തീയതി,തിരുവനന്തപുരം, 30-04-2026

പരാമർശം:-

1. സ.ഉ.(പി) നം.112/2017/ധന തീയതി 24/08/2017
2. പാലക്കാട് ആർ.ഐ സെൻ്ററിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റായ ശ്രീമതി ഹെലൻ.കെ 05/05/2025 തീയതിയിൽ സമർപ്പിച്ച അവധി അപേക്ഷ
3. ട്രെയിനിംഗ് ഡയറക്ടറുടെ 24/09/2025, 17/02/2026 എന്നീ തീയതികളിലെ ഡി.ടി/3364/2025/എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള പാലക്കാട് ആർ.ഐ സെൻ്ററിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റായ ശ്രീമതി ഹെലൻ.കെ 28-04-2025-ന് വൈകുന്നേരം 5.10-ന് ജോലി കഴിഞ്ഞ് തിരികെ പോകുന്ന വേളയിൽ ഓഫീസിന് മുൻ വശത്ത് കാൽ തെന്നി താഴെ വീഴുകയും ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടു പോകുകയും പ്രാഥമിക ചികിത്സക്ക് ശേഷം ഡോക്ടറുടെ നിർദ്ദേശപ്രകാരം കോയമ്പത്തൂരിലുള്ള ഗംഗ മൾട്ടി സ്പെഷ്യലിറ്റി ആശുപത്രിയിൽ പ്രവേശിക്കുകയും കാൽ മുട്ടിൽ പ്ലാസ്റ്റിക് സർജറി നടത്തുകയും ചെയ്തതായും, തുടർന്ന് ഡോക്ടർ വിശ്രമം നിർദ്ദേശിച്ചതിനാൽ ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചതിനാൽ 29-04-2025 മുതൽ 21-06-2025 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി പരാമർശം 2 പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കുകയുമുയണ്ടായി. ടി അപേക്ഷ പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലാണ് അപകടം സംഭവിച്ചത് എന്ന് ട്രെയിനിംഗ് ഡയറക്ടർ വ്യക്തമാക്കിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ അപകടം സംഭവിച്ച് പരിക്ക് പറ്റുകയും ജോലിയ്ക്ക് ഹാജരാവാൻ കഴിയാതിരുന്നതുമായ സാഹചര്യത്തിൽ പാലക്കാട് ആർ.ഐ സെൻ്ററിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റായ ശ്രീമതി ഹെലൻ.കെ-യ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98-ഉം അതിന് ചുവടെയുള്ള നിബന്ധനയും പ്രകാരം 29-04-2025 മുതൽ 21-06-2025 വരെ പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ഹെലൻ.കെ, ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ആർ.ഐ സെൻ്റർ, പാലക്കാട് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
തിരുവനന്തപുരം.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 30-04-2026 15:30:49
സെക്ഷൻ ഓഫീസർ